സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനപ്പുറത്തെ
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 മെയ് 30 ചൊവ്വ | ptnizar@rediffmail.com | 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

വിജയാഹ്ലാദം... ഐ.പി.എൽ ഫൈനലിൽ ഗുജറാത്തിനെതിരേ അവസാന പന്തിൽ വിജയം നേടിയെടുത്ത സി.എസ്.കെ താരം രവീന്ദ്ര ജഡേജയുടെ ആഹ്ലാദ പ്രകടനം

ഡൽഹിയിൽ 16കാരിയെ സുഹൃത്ത് കുത്തിക്കൊന്നു

ആക്രമണം ജനം നോക്കി നിൽക്കെ

16കാരിയായ സുഹൃത്തിനെ കുത്തിക്കൊലപ്പെടുത്തിയ പ്രതി സാഹിലിനെ പോലീസ് പിടികൂടിയപ്പോൾ

ന്യൂഡൽഹി: ഡൽഹിയിൽ 16കാരിയെ സുഹൃത്ത് ക്രൂരമായി കുത്തിക്കൊന്നു. 20കാരനായ സാഹിൽ ആണ് ക്രൂരകൃത്യത്തിന് പിന്നിൽ. കൊലപാതകത്തിന് പിന്നാലെ ഒളിവിൽ പോയ പ്രതിയെ അറസ്റ്റ് ചെയ്തു. കൊല്ലപ്പെട്ട പെൺകുട്ടിയുടെ കാമുകനാണ് സാഹിൽ എന്ന് ഡൽഹി പോലീസ് പറഞ്ഞു.സംഭവത്തിന്റെ സി.സി.ടിവി ദൃശ്യങ്ങൾ പുറത്തുവന്നു. കൊല്ലപ്പെട്ട പെൺകുട്ടി കഴിഞ്ഞ ദിവസം രാത്രി സുഹൃത്തിന്റെ പിറന്നാൾ ആഘോഷത്തിൽ പങ്കെടുക്കാൻ പോയതായിരുന്നു. രാത്രി വഴിയിൽ വച്ച് ആൾക്കാർ നോക്കിനിൽക്കെയാണ് സാഹിൽ പെൺകുട്ടിയെ തടഞ്ഞുനിർത്തി കുത്തിയത്. സാഹിൽ കൈയ്യിൽ കരുതിയിരുന്ന കത്തി ഉപയോഗിച്ച് നിരവധി തവണ പെൺകുട്ടിയുടെ ശരീരത്തിലേക്ക് ആഞ്ഞാഞ്ഞ് കുത്തി. നിലത്ത് വീണ പെൺകുട്ടിയെ പിന്നെയും പ്രതി കുത്തുന്നത് ദൃശ്യങ്ങളിൽ വ്യക്തമാണ്. എന്നാൽ സമീപത്തുണ്ടായിരുന്ന ആരും പ്രതിയെ തടഞ്ഞില്ല. കുത്തേറ്റ പെൺകുട്ടിയെ വഴിയിൽ ഉപേക്ഷിച്ച് പ്രതി നടന്നുപോകുന്നതും ദൃശ്യങ്ങളിൽ വ്യക്തമാണ്. എന്നാൽ ഈ ഘട്ടത്തിലും ആരും പ്രതിയെ തടഞ്ഞില്ല. കൊല്ലപ്പെട്ട പെൺകുട്ടിക്ക് 50 തവണ കുത്തേറ്റിട്ടുണ്ടെന്ന് ദില്ലി വനിതാ കമ്മീഷൻ അധ്യക്ഷ പറഞ്ഞു. കല്ലുകൊണ്ട് പലതവണ തലക്കടിച്ചുവെന്നും ഡൽഹി വനിതകൾക്കും പെൺകുട്ടികൾക്കും ഒട്ടും സുരക്ഷിതമല്ലാത്ത ഇടമായി മാറിയെന്നും സ്വാതി മലിവാൾ കുറ്റപ്പെടുത്തി. സംഭവത്തിൽ അടിയന്തിരമായി ഉന്നതതല യോഗം വിളിച്ച് സ്ഥിതി വിലയിരുത്തണമെന്ന് അവർ ആവശ്യപ്പെട്ടു.

വൈദുതി സർചാർജ്ജ് മാസം തോറും പിരിക്കാൻ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അനുമതി

തിരുവനന്തപുരം: വൈദ്യുതി ബില്ലിൽ സർചാർജ്ജ് മാസംതോറും പിരിക്കാൻ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അനുമതി നൽകി. വൈദ്യുതി വാങ്ങുന്നതിൽ വന്ന അധിക ബാധ്യത നികത്താനാണ് സർചാർജ്ജ് മാസം തോറും പിരിക്കാൻ അനുമതി നൽകിയത്. കേന്ദ്ര വൈദ്യുതി റഗുലേറ്ററി നിയമ ഭേദഗതി പ്രകാരമാണ് മാറ്റം. ഇതോടെ വൈദ്യുതിയുടെ ദൈമാസ ബില്ലിൽ ഓരോ മാസത്തെയും സർചാർജ്ജും ഇനി മുതൽ ഉപഭോക്താവ് നൽകേണ്ടി വരും. യൂണിറ്റിന് 10 പൈസ വരെയാണ് സർചാർജ്ജ് പിടിക്കുകയെന്നാണ് ഔദ്യോഗിക വിവരം. വൈദ്യുതി വാങ്ങുന്നതിനുള്ള അധികച്ചെലവ് സർചാർജ്ജായി നിലവിൽ കെ.എസ്.ഇ.ബി ഈടാക്കുന്നുണ്ട്. ഫെബ്രുവരി ഒന്ന് മുതൽ മെയ് 31 വരെ വരെ നാലുമാസം യൂണിറ്റിന് 9 പൈസ നിരക്കിലാണ് പിരിച്ചിരുന്നത്. കഴിഞ്ഞ വർഷം ജൂണിൽ 6.6 ശതമാനം വൈദ്യുതി നിരക്ക് വർധിപ്പിച്ചിരുന്നു. ഇതിന് പിന്നാലെയാണ് ഇനി മുതൽ യൂണിറ്റിന് 10 പൈസ നിരക്കിൽ വീണ്ടും സർചാർജ്ജ് പിരിക്കാൻ തീരുമാനിക്കുന്നത്.

അരിക്കൊമ്പനെ പിടിക്കാൻ പ്രത്യേക പരിശീലനം നേടിയ അഞ്ചംഗ ആദിവാസി സംഘത്തെ നിയോഗിച്ചു

കമ്പം: അരിക്കൊമ്പനെ പിടിക്കാൻ പ്രത്യേക പരിശീലനം നേടിയ ആനപിടിത്ത സംഘത്തെ നിയോഗിച്ചു. തമിഴ്നാട് വനം വകുപ്പാണ് നിയോഗിച്ചത്. പ്രത്യേക പരിശീലനം നേടിയ അഞ്ചംഗ ആദിവാസി സംഘത്തെയാണ് ആനയെ പിടിക്കാൻ ഇറക്കുന്നത്. മുതുമല കടുവാ സങ്കേതത്തിലെ മീൻ കാളൻ, ബൊമ്മൻ, സുരേഷ്, ശിവ, ശ്രീകാന്ത് എന്നിവരാണ് സംഘത്തിലുള്ളത്. വെറ്ററിനറി സർജൻ ഡോ. രാജേഷും സംഘത്തിലുണ്ടെന്ന് വനം വകുപ്പ് അറിയിച്ചു.

അരിക്കൊമ്പൻ ഷണ്മുഖ നദി ഡാമിന്റെ ജല സംഭരണിക്ക് സമീപത്തേക്ക് നീങ്ങുന്നുവെന്നാണ് ഇന്ന് രാവിലെ ലഭിച്ച വിവരം. ആന സൗകര്യപ്രദമായ സ്ഥലത്തെത്തിയാൽ മയക്കുവെടിവച്ച് പിടിക്കാനാണ് വനം വകുപ്പിന്റെ ആലോചന. അതിനായുള്ള നീക്കങ്ങൾ ആസൂത്രണം ചെയ്യുന്നുണ്ട്. വനം വകുപ്പ് ജീവനക്കാർ ആനയെ കാര്യമായി നിരീക്ഷിക്കുന്നുണ്ട്.

അരിക്കൊമ്പൻ തട്ടിയിട്ട ബൈക്ക് യാത്രക്കാരൻ പരുക്കേറ്റ് ചികിത്സയിലിരിക്കെ ഇന്ന് രാവിലെ മരണമടഞ്ഞു. കമ്പം സ്വദേശി പാൽരാജ് (57) ആണ് മരിച്ചത്. ശനിയാഴ്ച കമ്പത്ത് അരികൊമ്പൻ ജനവാസ മേഖലയിൽ ഇറങ്ങി ഓടിയപ്പോഴാണ് പാൽരാജിന്റെ ബൈക്കിൽ തട്ടിയത്. ബൈക്ക് മറിഞ്ഞു വീണ പാൽരാജിന്റെ തലക്കും വയറിനും ഗുരുതര പരുക്കേറ്റിരുന്നുവെന്നാണ് വിവരം. ഇദ്ദേഹം തേനി മെഡിക്കൽ കോളേജിൽ തീവ്ര പരിചരണ വിഭാഗത്തിൽ ചികിത്സയിലായിരുന്നു. ഇന്ന് പുലർച്ചെ ഒരു മണിയോടെയാണ് മരണം സംഭവിച്ചത്.

മാപ്രാണം ലാൽ ആശുപത്രിയ്ക്ക് സമീപം കൂട്ടിയിടിച്ച ബസുകൾ

തൃശൂരിൽ ബസുകൾ തമ്മിൽ കൂട്ടിയിടിച്ചു; 30 പേർക്ക് പരുക്കേറ്റു, രണ്ട് പേരുടെ നില ഗുരുതരം

തൃശൂർ: മാപ്രാണം ലാൽ ആശുപത്രിയ്ക്ക് സമീപം ബസുകൾ തമ്മിൽ കൂട്ടിയിടിച്ച് 30 പേർക്ക് പരുക്ക്. ഇന്ന് രാവിലെയാണ് അപകടമുണ്ടായത്. ഇരിങ്ങാലക്കുട ഭാഗത്ത് നിന്നും തൃശൂർ ഭാഗത്തേയ്ക്ക് പോവുകയായിരുന്ന എ.കെ സൺസ് എന്ന ഓർഡിനറി ബസിന് പുറകിൽ എം.എസ് മേനോൻ എന്ന ലിമിറ്റഡ് സ്റ്റോപ്പ് ബസ് ഇടിക്കുകയായിരുന്നു. ലിമിറ്റഡ് സ്റ്റോപ്പ് ബസിലെ യാത്രികർക്കാണ് കൂടുതൽ പരുക്കേറ്റിട്ടുള്ളത്. ഇവരെ സമീപത്തെ ലാൽ ആശുപത്രിയിലും മറ്റുമായി പ്രവേശിപ്പിച്ചു. സംസ്ഥാന പാതയിൽ ഗതാഗതം അരമണിക്കൂർ തടസപ്പെട്ടു. രണ്ടു പേരുടെ പരുക്ക് സാരമുള്ളതാണ്.

65കാരനെ ഹണിട്രാപ്പിൽ പെടുത്തി പണം തട്ടിയതായി പരാതി; മൂന്ന് പേർ അറസ്റ്റിൽ

പെരിന്തൽമണ്ണ: അറുപത്തഞ്ചുകാരനെ ഹണിട്രാപ്പിൽ പെടുത്തി പണം തട്ടിയതായ പരാതിയിൽ യുവതിയടക്കം ആറുപേർക്ക് എതിരേ പോലിസ് കേസെടുത്തു.സംഭവത്തിൽ മൂന്നുപേരെ അറസ്റ്റു ചെയ്തു. താഴെക്കോട് മേലേകോപ്പുപറമ്പ് സ്വദേശി പൂതൻകോടൻ വീട്ടിൽ ഷബാന (37), ആലിപ്പറമ്പ് വട്ടപറമ്പ് സ്വദേശി പീറാലി വീട്ടിൽ ഷബീറലി (37) , താഴെക്കോട് ബിടത്തി സ്വദേശി ജംഷാദ് (22) വയസ്സ് എന്നിവരെയാണ് പെരിന്തൽമണ്ണ പോലിസ് അറസ്റ്റുചെയ്തത്. രണ്ടുപേർക്കായി പോലിസ് അന്വേഷണം ഊർജിതമാക്കി. അലിപ്പറമ്പ് സ്വദേശിയായ മധ്യവയസ്കനിൽ നിന്നും രണ്ടു ലക്ഷം രൂപ തട്ടിയെടുത്തതിനാണ് യുവതിക്കും മറ്റ് അഞ്ചു പേർക്കുമെതിരേ പെരിന്തൽമണ്ണ പോലിസിൽ പരാതി നൽകിയത്. യുവതി മൊബൈൽ ഫോണിലൂടെ വിളിച്ച് ബന്ധം സ്ഥാപിച്ച് മാർച്ച് 18ന് വീട്ടിലേക്കു വിളിച്ചു വരുത്തുകയായിരുന്നുവെന്ന് പരാതിയിൽ പറയുന്നു. രാത്രി വീടിനു പുറത്ത് എത്തിയപ്പോഴേക്കും അഞ്ചു പേരടങ്ങിയ സംഘമെത്തി തടഞ്ഞു വെച്ചു. വീഡിയോയും ഫോട്ടോയും മൊബൈൽ ഫോണിൽ പകർത്തുകയും ഭീഷണിപ്പെടുത്തി പണം വാങ്ങുകയായിരുന്നുവെന്നും പരാതിയിൽ പറയുന്നു. പെരിന്തൽമണ്ണ സി.ഐ പ്രേംജിത്ത്, എസ്.ഐ ഷിജോ സി.തങ്കച്ചൻ , എസ്.സി.പി.ഒ ഷൗക്കത്ത് , രാകേഷ് , മിഥുൻ , സി.പി.ഒ സൽമാൻ പള്ളിയാൽതൊടി , സജീർ മുതുകുർശ്ശി, അജിത്ത്, സൗമ്യ എന്നിവർ അടങ്ങുന്ന അന്വേഷണ സംഘമാണ് പ്രതികളെ അറസ്റ്റു ചെയ്തത്. പ്രതികളെ പെരിന്തൽമണ്ണ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കി റിമാന്റ് ചെയ്തു.

ഷബീറലി, ജംഷാദ്, ഷബാന

സിദ്ദിഖിന്റെ കൊല നടന്ന ഹോട്ടൽ പ്രവർത്തിച്ചത് ലൈസൻസില്ലാതെ

ഹോട്ടൽ ഡി കാസ ഇൻ അടച്ചു പൂട്ടാൻ നിർദേശം

കോഴിക്കോട്: വ്യാപാരിയായ സിദ്ദിഖിന്റെ കൊലപാതകം നടന്ന എരഞ്ഞിപ്പാലത്തെ ഡി കാസ ഇൻ ഹോട്ടൽ അടച്ചു പൂട്ടാൻ നിർദേശം. ഹോട്ടൽ പ്രവർത്തിക്കുന്നത് ലൈസൻസില്ലാതെയാണെന്ന് കോർപറേഷൻ കണ്ടെത്തി. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയും ഹോട്ടലിനില്ലായിരുന്നുവെന്നും പരിശോധനയിൽ വ്യക്തമായി. തുടർന്നാണ് ഹോട്ടൽ അടച്ചു പൂട്ടാൻ കോർപറേഷൻ നോട്ടീസ് നൽകിയത്. ഒരു വർഷം മുമ്പ് മലിനീകരണവുമായി ബന്ധപ്പെട്ട് പ്രദേശവാസികൾ ഡി കാസ ഹോട്ടലിനെതിരേ പരാതി നൽകിയിരുന്നു. അന്ന് ആരോഗ്യവകുപ്പ് നടത്തിയ പരിശോധനയിൽ ഹോട്ടലിന് ലൈസൻസില്ലെന്ന് കണ്ടെത്തി. തുടർന്ന് ആരോഗ്യവകുപ്പ് ഹോട്ടൽ അടച്ചു പൂട്ടാൻ നിർദേശം നൽകിയിരുന്നു. പിന്നീട് ആറു മാസങ്ങൾക്കു ശേഷം ഹോട്ടൽ വീണ്ടും പ്രവർത്തനമാരംഭിക്കുകയായിരുന്നു. ഹോട്ടലിൽ മയക്കുമരുന്നുപയോഗമുൾപ്പടെ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ നടക്കാറുണ്ടെന്ന് നേരത്തെയും പരാതികളുയർന്നിട്ടുണ്ട്. കോഴിക്കോട് മാങ്കാവിലെ ഹോട്ടലുടമയായ തിരൂർ സ്വദേശി മേച്ചേരി സിദ്ദിഖിനെ എരഞ്ഞിപ്പാലത്തെ ലോഡ്ജ് മുറിയിൽവെച്ചാണ് പ്രതികൾ കൊലപ്പെടുത്തിയത്. ഇതിനുശേഷം മൃതദേഹം വെട്ടിനുറുക്കി ട്രോളി ബാഗുകളിലാക്കി അട്ടപ്പാടി ചുരത്തിലെ ഒൻപതാം വളവിലെ കൊക്കയിൽ ഉപേക്ഷിക്കുകയായിരുന്നു.

കാസർകോട് വൻ സ്ഫോടക വസ്തു വേട്ട; 2800 ജെലാറ്റിൻ സ്റ്റിക് പിടിച്ചെടുത്തു

കാസർകോട് കാറിൽനിന്ന് പിടിച്ചെടുത്ത സ്ഫോടക വസ്തുക്കൾ

കാസർകോട്: കാസർകോട് വൻ സ്ഫോടക വസ്തു വേട്ട, 2800 ജെലാറ്റിൻ സ്റ്റിക് പിടിച്ചെടുത്തു. എക്സൈസ് എൻഫോഴ്സ്മെന്റ് വാഹന പരിശോധനക്കിടെയാണ് ജലാറ്റിൻ സ്റ്റിക്കുകൾ പിടികൂടിയത്. കാറിൽ കൊണ്ടു പോവുകയായിരുന്ന സ്ഫോടക വസ്തുക്കളാണ് പിടിച്ചത്. സംഭവത്തിൽ മുളിയാർ കെട്ടുംകല്ല് സ്വദേശി മുഹമ്മദ് മുസ്തഫയെ പിടികൂടി. ഇയാളുടെ വീട്ടിൽ നടത്തിയ പരിശോധനയിലും ജലാറ്റിൻ സ്റ്റിക്കുകളും അനുബന്ധ സാധനങ്ങളും കണ്ടെത്തി. 13 ബോക്സുകളിലായി 2800 എണ്ണം ജലാറ്റിൻ സ്റ്റിക്കുകളാണ് പിടികൂടിയത്. ഡീറ്റനേറ്റർസ് 6000 എണ്ണവും സ്പെഷ്യൽ ഓർഡിനറി ഡീറ്റനേറ്റർസ് 500 എണ്ണവും പിടികൂടിയിട്ടുണ്ട്. എയർ കാപ്പ് 300, സീറോ ക്യാപ് 4, നമ്പർ ക്യാപ് 7 എന്നിവയും പിടിച്ചെടുത്തു. കസ്റ്റഡിയിൽ എടുക്കുന്നതിന് മുമ്പ് പ്രതി കൈ ഞരമ്പ് മുറിച്ച് ആത്മഹത്യയ്ക്ക് ശ്രമിച്ചിരുന്നു. ഇയാളുടെ പരുക്ക് ഗുരുതരമല്ല. കാസർകോട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ് പ്രതി.

മുഖ്യമന്ത്രിയുടെ യു.എസ്, ക്യൂബ സന്ദർശനം; യാത്രകൾക്ക് അനുമതി നൽകി കേന്ദ്ര സർക്കാർ

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയന്റെ യു.എസ്, ക്യൂബ യാത്രകൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി. അടുത്ത മാസം എട്ട് മുതൽ 18 വരെയാണ് യാത്ര. യു.എസ് യാത്രയിൽ മുഖ്യമന്ത്രിക്കൊപ്പം സ്പീക്കറും ധനമന്ത്രിയും ചീഫ് സെക്രട്ടറി അടക്കമുള്ള ഉദ്യോഗസ്ഥരും പങ്കെടുക്കും. അമേരിക്കൻ സന്ദർശനത്തിന് പിന്നാലെയാണ് മുഖ്യമന്ത്രി ക്യൂബയിലേക്കും പോവുക. യു.എസിൽ ലോക കേരള സഭ മേഖല സമ്മേളനവും, ലോക ബാങ്ക് പ്രതിനിധികളുമായി ചർച്ചയും നടത്തും. നേരത്തെ കേന്ദ്രം അനുമതി നിഷേധിച്ചതോടെ യു.എ.ഇ യാത്ര മുഖ്യമന്ത്രി ഉപേക്ഷിച്ചിരുന്നു. അബുദാബി ഇൻവെസ്റ്റ്മെന്റ് മീറ്റിൽ പങ്കെടുക്കാനാണ് മുഖ്യമന്ത്രി പിണറായി വിജയൻ വിദേശകാര്യമന്ത്രാലയത്തിന്റെ അനുമതി തേടിയത്. എന്നാൽ, മുഖ്യമന്ത്രി പങ്കെടുക്കേണ്ട പ്രാധാന്യം ഇല്ലെന്ന് വ്യക്തമാക്കിയാണ് കേന്ദ്രം വിലക്കിയത്.

ജമ്മുകശ്മീരിൽ ബസ് കൊക്കയിലേക്ക് മറിഞ്ഞ് 10 മരണം; 55 പേർക്ക് പരുക്ക്

ശ്രീനഗർ: ജമ്മുകാശ്മീരിൽ ബസ് കൊക്കയിലേക്ക് വീണ് പത്ത് പേർ മരിച്ചു. 55 പേർക്ക് പരുക്കേറ്റു. അമൃത്സറിൽനിന്നും കത്രയിലേക്ക് പോവുകയായിരുന്ന ബസാണ് അപകടത്തിൽപെട്ടത്. ജമ്മുകശ്മീർ-ശ്രീനഗർ ദേശീയപാതയിൽ ഡാജ്ജർ കോട്ലിക്ക് സമീപത്ത് വച്ച് വാഹനം കൊക്കയിലേക്ക് വീഴുകയായിരുന്നു.

കത്രയിൽ നിന്നും 15 കി.മീറ്റർ അകലെയാണ് അപകട സ്ഥലം. പരുക്കേറ്റവരെ സർക്കാർ മെഡിക്കൽ കോളേജിലേക്ക് അടക്കമുള്ള ആശുപത്രികളിലേക്ക് മാറ്റി. ചൊവ്വാഴ്ചയാണ് അപകടമുണ്ടായത്. ബീഹാറിൽ നിന്നുള്ളവരായിരുന്നു ബസിലുണ്ടായിരുന്നതെന്നാണ് അപകടത്തിൽ നിന്ന് രക്ഷപ്പെട്ടവർ പ്രതികരിക്കുന്നത്. കഴിഞ്ഞ ആഴ്ച ശ്രീനഗർ ജമ്മു കശ്മീർ ദേശീയപാതയിൽ ദക്ഷിണ കാശ്മീരിന് സമീപത്ത് വച്ച് ബസ് തലകീഴായി മറിഞ്ഞ് അഞ്ച് പേർക്ക് പരിക്കേറ്റിരുന്നു. കൊൽക്കത്തയിൽ നിന്നുള്ള വിനോദ സഞ്ചാരികളായിരുന്നു ബസിലുണ്ടായിരുന്നത്. സമാനമായ മറ്റൊരു സംഭവത്തിൽ അമിത വേഗത്തിലെത്തിയ ട്രക്ക് സേനാ വാഹനത്തിലിടിച്ച് മൂന്ന് സി.ആർ.പി.എഫ് ജവാന്മാർക്ക് പരുക്കേറ്റിരുന്നു.

ജമ്മുകശ്മീർ-ശ്രീനഗർ ദേശീയപാതയിൽ ഡാജ്ജർ കോട്ലിക്ക് സമീപം കൊക്കയിലേക്ക് മറിഞ്ഞ ബസ്

മുസ്‌ലിം വിദ്വേഷം ഇപ്പോൾ ഫാഷനായി മാറി: നസിറുദ്ദീൻ ഷാ

മുംബൈ: നമ്മൾ വളരെയധികം ഭയക്കേണ്ട കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നതെന്ന് ബോളിവുഡ് സിനിമാ താരം നസിറുദ്ദീൻ ഷാ. മുസ്‌ലിം സമുദായത്തിനെതിരായ വിരോധം ഇപ്പോൾ ഫാഷനായി മാറിയിരിക്കുകയാണ്. സമൂഹത്തിൽ ഇത്തരം വിദ്വേഷം ചിലർ അടിച്ചേൽപ്പിക്കുകയാണെന്നും വിദ്യാഭ്യാസമുള്ളവർ പോലും ഈ ഫാഷനിൽ നിന്ന് മുക്തമല്ലെന്നും അദ്ദേഹം ഇന്ത്യൻ എക്സ്പ്രസിന് നൽകിയ അഭിമുഖത്തിൽ പറഞ്ഞു.'തികച്ചും ആശങ്കാജനകമായ സമയമാണ് ഇപ്പോൾ. ഒരു മറച്ചുപിടിക്കലും ഇല്ലാതെ പ്രൊപ്പഗണ്ട നടത്തുകയാണ്. ഇത് ഈ കാലഘട്ടത്തിന്റെ പ്രതിഫലനമാണ്. വിദ്യാഭ്യാസമുള്ളവർക്കിടയിൽ പോലും മുസ്‌ലിം വിദ്വേഷം ഇന്നത്തെ കാലത്ത് ഫാഷനാണ്. ഭരിക്കുന്ന പാർട്ടി ഇത് സമർത്ഥമായി ആളുകളിൽ എത്തിക്കുകയും ചെയ്യുന്നുണ്ട്. ഞങ്ങൾ മതനിരപേക്ഷതയെക്കുറിച്ചാണ് സംസാരിക്കുന്നത്, ജനാധിപത്യത്തെക്കുറിച്ചാണ്, പിന്നെ എന്തിനാണ് നിങ്ങൾ എല്ലാത്തിലും മതം കൊണ്ടുവരുന്നത്?' -നസിറുദ്ദീൻ ഷാ ചോദിക്കുന്നു.

തെരഞ്ഞെടുപ്പ് കമ്മീഷനെതിരേയും അദ്ദേഹം രൂക്ഷമായി വിമർശിച്ചു. തെരഞ്ഞെടുപ്പ് കമ്മീഷൻ മതം ഉപയോഗിച്ച് വോട്ട് നേടുന്ന രാഷ്ട്രീയക്കാരുടെ കാര്യത്തിൽ വെറും കാഴ്ചക്കാരാണ്. അവർ നടപ്പില്ലില്ലാത്തവരാണ്. ഇത്തരക്കാർക്കെതിരേ ഒരു വാക്ക് പോലും പറയാൻ തെരഞ്ഞെടുപ്പ് കമ്മീഷന് ധൈര്യമില്ല. 'അല്ലാഹു അക്ബർ' എന്ന് പറഞ്ഞ് ഒരു മുസ്‌ലിം നേതാവ് വോട്ട് ചോദിച്ചിരുന്നെങ്കിൽ ഇവിടെ എന്ത് സംഭവിച്ചേനെ എന്ന് പറഞ്ഞ ഷാ, പക്ഷേ ഇവിടെ നമ്മുടെ പ്രധാനമന്ത്രി ഇങ്ങനെയൊക്കെ പറഞ്ഞു മുന്നോട്ടു വന്നു. ഒരു നടപടിയും കൈക്കൊണ്ടില്ല. എന്നാൽ, പ്രധാനമന്ത്രി തോറ്റു, ഇത് ഒരു പ്രതീക്ഷയാണ്. ഈ ഭിന്നിപ്പ് അവസാനിക്കുമെന്ന് എനിക്ക് പ്രതീക്ഷയുണ്ട്. എന്നാൽ ഇപ്പോൾ ഈ ഭിന്നിപ്പ് അതിന്റെ ഏറ്റവും ഉയർന്ന അവസ്ഥയിലാണ്. ഈ സർക്കാർ വളരെ സമർത്ഥമായി കളിച്ച ഒരു കാർഡാണിത്, അത് പ്രവർത്തിച്ചു. ഇത് എത്രത്തോളം പ്രവർത്തിക്കുമെന്ന് നോക്കാം "അദ്ദേഹം പറഞ്ഞു.

കുതിച്ചുയർന്ന് എൻ.വി.എസ്-01; വിക്ഷേപണം വിജയകരം

ശ്രീഹരിക്കോട്ട: ഐ.എസ്.ആർ.ഒയുടെ നാവിഗേഷൻ ഉപഗ്രഹമായ എൻ.വി.എസ് 01 വിജയകരമായി വിക്ഷേപിച്ചു. ആന്ധ്രപ്രദേശിലെ ശ്രീഹരിക്കോട്ടയിൽ നിന്ന് കഴിഞ്ഞ ദിവസം രാവിലെ 10.42നാണ് ജി.എസ്.എൽ.വി റോക്കറ്റിൽ നാവിഗേഷൻ ഉപഗ്രഹം വിക്ഷേപിച്ചത്. പറന്നുയർന്ന് ഏകദേശം 20 മിനിറ്റിനുള്ളിൽ 251 കിലോമീറ്റർ ഉയരത്തിൽ വെച്ച് റോക്കറ്റ് ജിയോസിൻക്രണസ് ട്രാൻസ്ഫർ ഓർബിറ്റിൽ ഉപഗ്രഹത്തെ വിന്യസിച്ചതായി ഐ.എസ്.ആർ.ഒ അറിയിച്ചു. 2232 കിലോഗ്രാം ഭാരമാണ് നാവിക് ഉപഗ്രഹത്തിനുള്ളത്. ഇന്ത്യ തന്നെ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത നാവിഗേഷൻ പ്രോക്കാണ് ഉപഗ്രഹത്തിൽ ഘടിപ്പിച്ചിട്ടുള്ളത്. 1999ൽ കാർഗിൽ യുദ്ധസമയത്ത് ജി.പി.എസ് വിവരങ്ങൾ ഇന്ത്യയ്ക്ക് നൽകാൻ യു.എസ് വിസമ്മതിച്ചതിന് പിന്നാലെയാണ് നാവിക് സൃഷ്ടിക്കാനുള്ള പരീക്ഷണങ്ങൾ ഐ.എസ.ആർ.ഒ ആരംഭിച്ചത്.

2006 ൽ ആണ് പദ്ധതിക്ക് അംഗീകാരം ലഭിച്ചത്. ഒമ്പത് വിക്ഷേപണങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും ഏഴ് ഉപഗ്രഹങ്ങളാണ് പ്രവർത്തനക്ഷമമായി നിലവിലുള്ളത്.മെച്ചപ്പെട്ട പൊസിഷനിംഗ്, നാവിഗേഷൻ തുടങ്ങി രാജ്യത്തെ സിവിൽ ഏവിയേഷൻ മേഖലയിൽ വർധിച്ചുവരുന്ന ആവശ്യകതകൾ കണക്കിലെടുത്താണ് ഈ സംവിധാനം വികസിപ്പിച്ചെടുത്തത്. ദുരന്തനിവാരണം, സൈനികാവശ്യങ്ങൾ, സമുദ്ര ഗതാഗതം, വ്യോമ ഗതാഗതം, ഭൂപട നിർമ്മാണം, റിസോർസ് മോണിറ്ററിംഗ്, ലൊക്കേഷൻ അധിഷ്ഠിത സേവനങ്ങൾ, ശാസ്ത്രീയ ഗവേഷണം തുടങ്ങി വിവിധ ആവശ്യങ്ങൾക്ക് നാവിക് ഉപയോഗിക്കാം.

ഡൽഹി മദ്യനയ അഴിമതി കേസ്: മനീഷ് സിസോദിയയ്ക്ക് ജാമ്യമില്ല

ന്യൂഡൽഹി: മദ്യനയ അഴിമതി കേസിൽ ഡൽഹി മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയ്ക്ക് ജാമ്യം നിഷേധിച്ച് കോടതി. ഹൈക്കോടതിയാണ് ജാമ്യാപേക്ഷ തള്ളിയത്. സി.ബി.ഐ രജിസ്റ്റർ ചെയ്ത 2021-22ലെ എക്സൈസ് നയം നടപ്പാക്കിയതിൽ അഴിമതി നടന്നുവെന്ന കേസിലാണ് ഡൽഹി ഹൈക്കോടതി ജാമ്യം നിഷേധിച്ചത്.

18 വകുപ്പുകളുള്ള ഉപമുഖ്യമന്ത്രി സ്ഥാനം വഹിച്ചിരുന്നതിനാലും സാക്ഷികൾ കൂടുതലും പൊതുപ്രവർത്തകരായതിനാലും സിസോദിയ സാക്ഷികളെ സ്വാധീനിക്കാനുള്ള സാധ്യത തള്ളിക്കളയാനാകില്ലെന്ന് കോടതി നിരീക്ഷിച്ചു. ജസ്റ്റിസ് ദിനേശ് കുമാർ ശർമയാണ് ജാമ്യാപേക്ഷ പരിഗണിച്ചത്.

ഏപ്രിൽ 28ന് ഇ.ഡിയുടെ മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിലും വിചാരണ കോടതി ജാമ്യം നിഷേധിച്ചിരുന്നു. ഇ.ഡി കേസിലെ സിസോദിയയുടെ ജാമ്യാപേക്ഷ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

മാർച്ച് 31ന് ഡൽഹിയിലെ വിചാരണ കോടതി സിസോദിയയുടെ ജാമ്യാപേക്ഷ തള്ളിയിരുന്നു. ഡൽഹി എക്സൈസ് നയ കേസുമായി ബന്ധപ്പെട്ടുള്ള ക്രിമിനൽ ഗൂഢാലോചനയിൽ മുൻ എക്സൈസ് മന്ത്രിയായ സിസോദിയ ഏറ്റവും പ്രധാനപ്പെട്ടതും സുപ്രധാനവുമായ പങ്ക് വഹിച്ചതായി പ്രത്യേക സി.ബി.ഐ ജഡ്ജി എം.കെ നാഗ്പാൽ ജാമ്യാപേക്ഷ തള്ളിയ ഉത്തരവിൽ പ്രഥമദൃഷ്ട്യാ വിലയിരുത്തിയിരുന്നു. ഈ വിധിക്കെതിരേ സിസോദിയ ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു.

'ആരോപണങ്ങളുടെ സ്വഭാവം വളരെ ഗൗരവമുള്ളതാണ്. പ്രതി പൊതുപ്രവർത്തകനായിരുന്നു. ഞങ്ങൾ എക്സൈസ് നയമോ സർക്കാരിന്റെ അധികാരമോ പരിശോധിച്ചിട്ടില്ല. എന്നിരുന്നാലും, അപേക്ഷകൻ സ്വാധീനമുള്ള ആളായതിനാൽ സാക്ഷികളെ സ്വാധീനിക്കാൻ സാധ്യതയുണ്ട്,'കോടതി പറഞ്ഞു. ഫെബ്രുവരി 26നാണ് മദ്യനയ കേസിൽ സിസോദിയയെ സി.ബി.ഐ അറസ്റ്റ് ചെയ്തത്. തുടർന്ന് മാർച്ച് ഒൻപതിന് ഇഡിയും അറസ്റ്റ് രേഖപ്പെടുത്തി.

കോൺഗ്രസ് പ്രവർത്തകസമിതി രൂപീകരണം; പുതിയ രാഷ്ട്രീയനീക്കത്തിനൊരുങ്ങി ശശി തരൂർ

തിരുവനന്തപുരം: കോൺഗ്രസ് പ്രവർത്തകസമിതി രൂപീകരണം കാത്ത് തുടർ രാഷ്ട്രീയനീക്കങ്ങൾക്കായി ശശി തരൂർ. വീണ്ടും മത്സരിക്കുമെന്ന സൂചന ഇടക്ക് നൽകിയെങ്കിലും സി.ഡബ്ല്യു.സി തീരുമാനത്തിനനുസരിച്ചാകും അന്തിമനിലപാട്. നേരത്തെ എ.ഐ.സി.സി തെരഞ്ഞെടുപ്പിൽ മത്സരിച്ചും സംസ്ഥാനത്തുടനീളം പരിപാടികളിൽ പങ്കെടുത്തും നേതൃത്വത്തെ വെല്ലുവിളിച്ചിരുന്നു തരൂർ. തരൂർ കോൺഗ്രസ് വിടുമോ എന്ന അഭ്യൂഹം ഏറെ നാളായി ശക്തമാണ്. പക്ഷെ റായ്പ്പൂർ പ്ലീനറി സമ്മേളനശേഷം തരൂർ കാത്തിരിക്കുകയായിരുന്നു. പ്രവർത്തക സമിതിയിലെ ഇടമാണ് പ്രതീക്ഷ. പക്ഷെ പ്ലീനറി കഴിഞ്ഞും തീരുമാനം നീളുന്നതിൽ തരൂർ അതൃപ്തനാണ്. ഇടക്ക് തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിലെ നിയമസഭാ മണ്ഡല യോഗങ്ങളിൽ സജീവമായ തരൂർ നൽകിയത് വീണ്ടും മത്സരിക്കുമെന്ന സൂചന. പക്ഷെ കോൺഗ്രസ് നേതൃത്വത്തെ വെട്ടിലാക്കി ചെങ്കോലിനെ തുണച്ച പ്രസ്താവന വീണ്ടും പാർട്ടി കേന്ദ്രങ്ങളെ വല്ലാതെ ചൊടിപ്പിച്ചു. പാരമ്പര്യചിഹ്നങ്ങളെ ബഹുമാനിക്കേണ്ടതിന്റെ ആവശ്യകത പറയുന്നതിനപ്പുറം ബി.ജെ.പി പിന്തുണയായി നിലപാടിനെ കാണേണ്ടെന്നാണ് തരൂർ ക്യാമ്പ് വിശദീകരണം. മണ്ഡലം യോഗങ്ങളിൽ പങ്കെടുത്ത് പോയതിനപ്പുറം തലസ്ഥാനത്ത് എം.പി സജീവമാകുന്നില്ലെന്ന പരാതി ജില്ലയിലെ പാർട്ടിക്കാർ ശക്തമാക്കുന്നു. അപ്പോഴും ബി.ജെ.പിയുടെ പ്രതീക്ഷാ പട്ടികയിൽ ഒന്നാമതുള്ള മണ്ഡലത്തിൽ ജയിക്കാൻ തരൂർ വേണമെന്ന നിലപാടിൽ തന്നെയാണ് ജില്ലയിലെയും സംസ്ഥാനത്തെയും കോൺഗ്രസ് നേതാക്കൾ.

കർണാടക നിയമസഭാ തെരഞ്ഞെടുപ്പ്; കോൺഗ്രസ് നേടിയ വിജയം മധ്യപ്രദേശിലും ആവർത്തിക്കും: രാഹുൽ ഗാന്ധി

ഭോപ്പാൽ: കർണാടക നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് നേടിയ വിജയം മധ്യപ്രദേശിലും ആവർത്തിക്കുമെന്ന് രാഹുൽ ഗാന്ധി. മധ്യപ്രദേശിലെ 230 നിയമസഭാ മണ്ഡലങ്ങളിൽ 150 ലും കോൺഗ്രസ് വിജയം നേടുമെന്നും അദ്ദേഹം വ്യക്തമാക്കി. മധ്യപ്രദേശിന്റെ ഭാവി സുരക്ഷിതമാക്കുകയാണ് ലക്ഷ്യമെന്ന് മുൻ മുഖ്യമന്ത്രി കമൽനാഥും വ്യക്തമാക്കി. തെരഞ്ഞെടുപ്പിൽ ജനങ്ങൾക്കായി നടപ്പിലാക്കുന്നത് ഒരോന്നായി പ്രഖ്യാപിക്കുമെന്ന് പറഞ്ഞ അദ്ദേഹം നാലര മാസം കഴിഞ്ഞാണ് തെരഞ്ഞെടുപ്പെന്നും അതിനുള്ള ഒരുക്കങ്ങൾ തുടങ്ങിക്കഴിഞ്ഞുവെന്നും വ്യക്തമാക്കി. അതേ സമയം കർണാടകത്തിൽ കോൺഗ്രസിന്റെ അഞ്ച് വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവ് പുറത്തിറക്കുന്നതിന് മുന്നോടിയായി മുഖ്യമന്ത്രി സിദ്ധരാമയ്യ വിവിധ വകുപ്പ് തലവൻമാരുടെ യോഗം വിളിച്ചിരിക്കുകയാണ്. ധനകാര്യ വകുപ്പ്, ഭക്ഷ്യ സിവിൽ സപ്ലൈസ്, വനിതാ ശിശുക്ഷേമം എന്നീ വകുപ്പ് മേധാവിമാരുമായാണ് ചർച്ച നടത്തിയത്. അടുത്ത മന്ത്രിസഭാ യോഗത്തിൽ തന്നെ അഞ്ച് വാഗ്ദാനങ്ങൾ പ്രഖ്യാപിക്കാനാണ് കോൺഗ്രസ് ലക്ഷ്യമിടുന്നത്.

കല്ലുവെട്ടുകുഴിയിൽ വീണ് വിദ്യാർഥിക്ക് ദാരുണാന്ത്യം

മുക്കം: മുക്കം മണാശ്ശേരിയിൽ വീടിനു സമീപത്തെ കല്ലുവെട്ടുകുഴിയിൽ വീണ് ആറാം ക്ലാസ് വിദ്യാർഥി മരിച്ചു. മുക്കം മണാശ്ശേരി നെടുമങ്ങാട് സുനിൽകുമാറിന്റെ മകൻ കാശിനാഥൻ ആണ് മരിച്ചത്. കൂട്ടുകാരോടൊപ്പമുള്ള കളികഴിഞ്ഞ് മടങ്ങിയ കാശിനാഥൻ വൈകീട്ട് ആയിട്ടും വീട്ടിൽ തിരിച്ചെത്താത്തിനെ തുടർന്ന് വീട്ടുകാരും നാട്ടുകാരും സമീപ പ്രദേശങ്ങളിലെല്ലാം വ്യാപകമായി നടത്തിയ തിരച്ചിലിലാണ് വീടിനു സമീപത്തെ കല്ലുവെട്ടുകുഴിയിൽ വീണ നിലയിൽ കാശിനാഥനെ കണ്ടെത്തിയത്. ഒൻപതുമണിയോടെയാണ് വീടിന് തൊട്ടടുത്ത് പണി പുരോഗമിക്കുന്ന കെട്ടിടത്തിലെ വെള്ളക്കെട്ടിൽ വീണു കിടക്കുന്നതായി കണ്ടെത്തിയത്. ഇതിന് സമീപത്ത് കുട്ടിയുടെ ചെരിപ്പ് കണ്ടതിനെത്തുടർന്നുള്ള തിരച്ചിലിലാണ് കുട്ടിയെ കണ്ടെത്തിയത്. ഉടൻ മണാശ്ശേരി സ്വകാര്യ മെഡിക്കൽ കോളേജിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി മെഡിക്കൽ കോളേജിലേക്ക് മാറ്റി.

കാശിനാഥൻ

ബസിൽ നഗ്നതാ പ്രദർശനം: ദൃശ്യങ്ങൾ പങ്കുവെച്ച് യുവതി, പ്രതിയെ തിരഞ്ഞ് പോലിസ്

പയ്യന്നൂർ: കെ.എസ്.ആർ.ടി.സി ബസിൽ യുവതിക്ക് നേരെ നഗ്നതാ പ്രദർശനം നടത്തിയ സംഭവത്തിന് പിന്നാലെ മറ്റൊരു ഞെട്ടിക്കുന്ന ദുരനുഭവം കൂടി. ചെറുപ്പുഴ-തളിപ്പറമ്പ് റൂട്ടിലോടുന്ന സ്വകാര്യ ബസിൽ മധ്യവയസ്കൻ യുവതിക്കു നേരെ നഗ്നതാ പ്രദർശനം നടത്തി. ഇതിന്റെ വീഡിയോ യുവതി സമൂഹമാധ്യമങ്ങളിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. ബസിൽ താൻ ഒറ്റയ്ക്കാണ് ഉണ്ടായിരുന്നതെന്നും ഭയന്നുപോയെന്നും യുവതി പറയുന്നു. സംഭവത്തിൽ ശക്തമായ നടപടി ഉണ്ടാകുമെന്ന് പയ്യന്നൂർ ഡിവൈ.എസ്.പി പ്രേമചന്ദ്രൻ വ്യക്തമാക്കി. നഗ്നതാ പ്രദർശനം നടത്തിയ ആളെ കണ്ടെത്താൻ പോലിസ് അന്വേഷണം തുടങ്ങിയിട്ടുണ്ടെന്നും പരാതിക്കാരിയായ യുവതിയിൽ നിന്ന് ഇക്കാര്യത്തിൽ കൂടുതൽ വിശദീകരണങ്ങൾ തേടുമെന്നും പോലിസ് പറഞ്ഞു. ഇന്നലെ വൈകീട്ട് തളിപ്പറമ്പ്-ചെറുപുഴ ബസ് സ്റ്റാന്റിലാണ് സംഭവം നടന്നത്. യുവതി ഇരുന്ന സീറ്റിന്റെ എതിർഭാഗത്ത് വന്നിരുന്ന മധ്യവയസ്കൻ നഗ്നതാ പ്രദർശനം നടത്തുകയും യുവതിയെ നോക്കി പരസ്യമായി സ്വയംഭോഗം ചെയ്യുകയുമായിരുന്നു. മറ്റ് ആളുകൾ ബസിലേക്ക് കയറാൻ തുടങ്ങിയപ്പോൾ ഇയൾ ഇറങ്ങിപ്പോവുകയായിരുന്നു.

ബസിൽ നഗ്നതാ പ്രദർശനം നടത്തിയയാൾ

ചേർത്തലയിൽ ഗുണ്ടാസംഘങ്ങളുടെ അഴിഞ്ഞാട്ടം; യുവാവിന് വെടിയേറ്റു, വീട് കയറി ആക്രമിച്ചു

ചേർത്തലയിൽ ഗുണ്ടാ സംഘങ്ങളുടെ വീടുകയറിയുള്ള ആക്രമണത്തിൽ നിന്ന്

ചേർത്തല: ചേർത്തലയിൽ ഗുണ്ടാ സംഘങ്ങൾ തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ രണ്ടു യുവാക്കൾക്ക് പരുക്കേറ്റു. ഞായറാഴ്ച് രാത്രിയാരംഭിച്ച സംഘർഷം തിങ്കൾ രാവിലെ വരെ തുടർന്നു. ചേർത്തലയിലെ മുഹമ്മ പ്രദേശത്താണ് ഗുണ്ടാ സംഘങ്ങൾ പരസ്പരം ആക്രമണം അഴിച്ചുവിട്ടത്. ഒറ്റപ്പുന്ന ബാറിന് സമീപമാണ് ആദ്യം സംഘർഷമുണ്ടാകുന്നത്.

ഇതിൽ സുജിത്തെന്ന യുവാവിന് പരുക്കേറ്റിരുന്നു. തുടർന്ന് വയലാർ രക്തസാക്ഷി മണ്ഡപത്തിന് വടക്കുവശത്തുവച്ച് രഞ്ജിത്തെന്ന യുവാവിന് എയർഗൺ കൊണ്ട് വെടിയേൽക്കുകയായിരുന്നു. ഇയാൾ ഇപ്പോൾ ആശുപത്രിയിൽ ചികിത്സയിലാണ്. ഇതിന് പിന്നാലെ വീട് കയറിയുള്ള ആക്രമണവും നടന്നു.

സംഘം ചേർന്നെത്തിയ ഗുണ്ടകൾ ചേർത്തല വടക്കേക്കുരിശ്ശിൽ അജിത്, പുത്തനങ്ങാടി പോട്ട ദീപു, തണ്ണീർ മുക്കത്തിൽ പ്രജീഷ് എന്നിവരുടെ വീടുകളാണ് ആക്രമിച്ചത്. വീടിന്റെ വാതിൽ തല്ലിപ്പൊളിച്ച് അകത്തുകയറിയ സംഘം ഗൃഹോപകരണങ്ങൾ നശിപ്പിക്കുകയും ജനൽച്ചില്ലുകൾ തകർക്കുകയും തുടർന്ന് വീട്ടിലെ കാർ അടിച്ചു തകർക്കുകയും ചെയ്തു. മറ്റൊരു വീട്ടിലെ രണ്ട് സ്കൂട്ടറുകളും അക്രമി സംഘം തകർത്തിട്ടുണ്ട്.

പങ്കാളികളെ കൈമാറൽ കേസിലെ പരാതിക്കാരിയെ വെട്ടികൊന്ന് ആത്മഹത്യക്ക് ശ്രമിച്ച ഭർത്താവും മരണപ്പെട്ടു

കോട്ടയം: പങ്കാളിയെ കൈമാറൽ കേസിലെ പരാതിക്കാരിയെ വെട്ടിക്കൊന്ന് ആത്മഹത്യക്ക് ശ്രമിച്ച ഭർത്താവും മരണപ്പെട്ടു. കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കേയാണ് ഇന്ന് രാവിലെ നാലുമണിയോടെ ഷിനോ മാത്യുവാണ് മരണപ്പെട്ടത്. മണർകാട് മാലത്തെ വീട്ടിൽ വച്ച് ഈ മാസം 19നാണ് ഷിനോ ഭാര്യയെ അതിദാരുണമായി വെട്ടിക്കൊലപ്പെടുത്തിയത്. അന്ന് വൈകിട്ടാണ് ഷിനോയെ വിഷം കഴിച്ച നിലയിൽ ചങ്ങനാശേരിയിലെ സ്വകാര്യ ആശുപത്രിയിൽ നിന്ന് പോലിസ് കസ്റ്റഡിയിൽ എടുത്തത്. തുടർന്ന് ഇയാളെ കോട്ടയം മെഡിക്കൽ കോളേജിലേക്ക് മാറ്റിയിരുന്നു. ആരോഗ്യസ്ഥിതി വീണ്ടെടുത്ത ശേഷം പോലിസ് ചോദ്യം ചെയ്യാനിരിക്കെയാണ് മരണം സംഭവിച്ചത്.

ഷിനോ മാത്യു

പങ്കാളികളെ പരസ്പരം കൈമാറുന്ന സംഘം 2022 ജനുവരിയിലാണ് കോട്ടയം കറുകച്ചാലിൽ പിടിയിലായത്. ഭർത്താവ് തന്നെ മറ്റൊരാൾക്കൊപ്പം പോകാൻ നിർബന്ധിച്ചെന്ന ഷിനോയുടെ ഭാര്യയുടെ പരാതിക്ക് പിന്നാലെയായിരുന്നു അറസ്റ്റ്.

സമൂഹമാധ്യമങ്ങൾ വഴി പങ്കാളികളെ കൈമാറി ലൈംഗിക ചൂഷണം നടത്തുന്ന വലിയ സംഘത്തെക്കുറിച്ച് ഞെട്ടിക്കുന്ന വിവരങ്ങളാണ് പുറത്തുവന്നത്. നിരവധി പേർ ലൈംഗിക ചൂഷണത്തിനും പ്രകൃതി വിരുദ്ധവേഴ്ചയ്ക്കും ഇരയാക്കപ്പെട്ടെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. മെസഞ്ചർ, ടെലിഗ്രാം ഗ്രൂപ്പുകൾ വഴിയാണ് സംഘം ഭാര്യമാരെ പരസ്പരം പങ്കുവയ്ക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിയിരുന്നത്.

ബ്രിജ് ഭൂഷണിനെതിരായ സമരത്തിൽ കടുത്ത നിലപാടിലേക്ക് ഗുസ്തി താരങ്ങൾ

രാജ്യത്തിനായി നേടിയ മെഡലുകൾ ഗംഗയിൽ ഒഴുക്കും

ന്യൂഡൽഹി: ബ്രിജ് ഭൂഷണെതിരായ സമരത്തിൽ കടുത്ത നിലപാടിലേക്ക് ഗുസ്തി താരങ്ങൾ. അന്താരാഷ്ട്ര മത്സരങ്ങളിലടക്കം രാജ്യത്തെ പ്രതിനിധീകരിച്ച് നേടിയ മെഡലുകൾ ഗംഗയിൽ ഒഴുക്കുമെന്നാണ് നിലപാടെടുത്തിരിക്കുന്നത്, കൂടാതെ ഇന്ത്യ ഗേറ്റിൽ സമരമിരിക്കും. തങ്ങൾ കഠിനാധ്വാനം ചെയ്തു നേടിയ മെഡലുകൾക്ക് ഗംഗയുടെ അതേ പരിശുദ്ധിയാണെന്ന് താരങ്ങൾ പറഞ്ഞു. ഇന്ന് വൈകീട്ട് ആറുമണിക്ക് ഹരിദ്വാറിൽ വച്ച് മെഡലുകൾ ഗംഗയിൽ ഒഴുക്കുമെന്നാണ് അറിയിച്ചിരിക്കുന്നത്. പീഡിപ്പിക്കപ്പെട്ട പെൺകുട്ടികൾക്ക് ഒപ്പം നിൽക്കണോ പീഡിതർക്കൊപ്പം നിൽക്കണോ എന്ന് ജനങ്ങൾ തീരുമാനിക്കട്ടെയെന്നും ഗുസ്തി താരങ്ങൾ പറഞ്ഞു. ഗുസ്തി താരങ്ങളുടെ ഹർജി പോക്സോ കോടതിയിലേക്ക് മാറ്റണമെന്ന ഹർജിയിൽ ഡൽഹി ഹൈക്കോടതി രജിസ്ട്രാർക്കും ഡൽഹി സർക്കാരിനും നോട്ടീസ് അയച്ചു. ജൂലായ് ആറിന് ഹർജി കോടതി വീണ്ടും പരിഗണിക്കും. ഗുസ്തി ഫെഡറേഷൻ അധ്യക്ഷന് ബ്രിജ് ഭൂഷണിന്റെ അറസ്റ്റ് വൈകുന്നതിനെതിരേ രാജ്യ വ്യാപക പ്രതിഷേധത്തിന് സംയുക്ത കിസാൻ മോർച്ചയും തയ്യാറെടുക്കുന്നുണ്ട്. ഇന്നലെ രാത്രിയിൽ ചേർന്ന നേതൃയോഗത്തിലാണ് ഇക്കാര്യം തീരുമാനിച്ചത്. യോഗത്തിൽ ഗുസ്തി താരങ്ങളെ പ്രതിനിധീകരിച്ച് ബജ്റംഗ് പുനിയയും പങ്കെടുത്തിരുന്നു. വ്യാഴാഴ്ച എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ബി.ജെ.പി എം.പി കൂടിയായ ബ്രിജ് ഭൂഷണിന്റെ കോലം കത്തിക്കാനാണ് തീരുമാനം.

ബ്രിജ് ഭൂഷൺ അയോധ്യയിൽ ശക്തി പ്രകടന റാലി നടത്താനിരിക്കുന്ന ജൂൺ അഞ്ചിന് എല്ലാ ഗ്രാമങ്ങളിലും നഗരങ്ങളിലും പ്രതിഷേധ സംഗമവും കോലം കത്തിക്കലും സംഘടിപ്പിക്കും. അന്ന് തന്നെ ദില്ലിയിൽ ചേരുന്ന യോഗത്തിൽ തുടർ പരിപാടികൾ തീരുമാനിക്കുമെന്നും എസ്.കെ.എം അറിയിച്ചു. സമരം അവസാനിച്ചിട്ടില്ലെന്നും രണ്ടാം ഘട്ടം ഉടൻ പ്രഖ്യാപിക്കുമെന്നും സാക്ഷി മാലിക് ഇന്നലെ വ്യക്തമാക്കിയിരുന്നു. ജന്തർ മന്തറിൽ ഇനി പ്രതിഷേധം അനുവദിക്കില്ലെന്നും അപേക്ഷ നൽകിയാൽ മറ്റൊരിടം നൽകാമെന്നുമാണ് ഡൽഹി പോലിസിന്റെ നിലപാട്.

ആവശ്യമെങ്കിൽ ഗുസ്തിതാരങ്ങളെ വെടിവയ്ക്കുമെന്ന് മുൻ വിജലൻസ് മേധാവി; എവിടെ വരണമെന്ന് ബജ്റംഗ് പുനിയ

ന്യൂഡൽഹി: ദേശീയ ഗുസ്തി ഫെഡറേഷൻ മുൻ ചെയർമാൻ ബ്രിജ് ഭൂഷൺ സിംഗിനെതിരേ സമരം ചെയ്യുന്ന ഗുസ്തിക്കാർക്കെതിരേ മുൻ ഐ.പി.എസ് ഉദ്യോഗസ്ഥനും കേരള വിജിലൻസ് മേധാവിയുമായ ഡോ. എൻ.സി അസ്താന. ആവശ്യം വരികയാണെങ്കിൽ പോലിസ് ഗുസ്തി താരങ്ങളെ വെടിവെക്കുമെന്ന് ഡോ. എൻസി അസ്താന ഐ.പി.എസ് തന്റെ ടിറ്റർ ഹാൻഡിലിൽ കുറിച്ചു. ഇതിനു മറുപടിയായി, വെടിയേൽക്കാൻ എവിടെ വരണമെന്ന് പറയൂ എന്ന് ഒളിമ്പിക് മെഡൽ ജേതാവായ ഗുസ്തി താരം ബജ്റംഗ് പുനിയയും കുറിച്ചു.

ധൈര്യമുണ്ടെങ്കിൽ തന്നെ വെടിവെക്കൂ എന്ന് പോലിസിനെ വെല്ലുവിളിക്കുന്ന ബജ്റംഗ് പുനിയയുടെ ദൃശ്യങ്ങളടങ്ങിയ ഒരു വാർത്താ ശകലം പങ്കുവച്ചുകൊണ്ട് അസ്താന ഇങ്ങനെ കുറിച്ചു, 'ആവശ്യമെങ്കിൽ നിങ്ങളെ വെടിവെക്കും. ഞങ്ങൾ നിങ്ങളെ വലിച്ചിഴച്ച് എച്ചിൽ പോലെ ഉപേക്ഷിച്ചു. 129ാം വകുപ്പ് പോലിസിനു വെടിയുതിർക്കാൻ അവകാശം നൽകുന്നതാണ്. സാഹചര്യം ആവശ്യപ്പെടുന്നതിനനുസരിച്ച് അത് നടത്തും. പോസ്റ്റ്മോർട്ടം ടേബിളിൽ വച്ച് വീണ്ടും കാണാം'. ഈ ട്വീറ്റ് പങ്കുവച്ച് പുനിയ കുറിച്ചത് ഇങ്ങനെ: 'ഈ ഐ.പി.എസ് ഓഫീസർ ഞങ്ങളെ വെടിവെക്കുമെന്ന് പറയുന്നു. സഹോദരാ, ഞങ്ങൾ നിങ്ങൾക്ക് മുന്നിലുണ്ട്. എവിടെ വരണമെന്ന് പറയൂ. ഞങ്ങൾ നെഞ്ചിൽ തന്നെ വെടിയുണ്ടകളേറ്റുവാങ്ങുമെന്ന് ഞാൻ വാക്കുതരുന്നു. വെടിയുണ്ടകളില്ലാതെ ബാക്കിയെല്ലാം ഞങ്ങൾ ഏറ്റു അതും വന്നോട്ടെ'.

വെടിവയ്പ്പുണ്ടായ ഫ്ളോറിഡയിലെ ബോഡ്വാക്ക് ബീച്ചിൽ പോലിസ് എത്തിയപ്പോൾ

അമേരിക്കയിൽ വീണ്ടും വെടിവയ്പ്പ്; ഒൻപത് പേർക്ക് പരുക്കേറ്റു

ന്യൂയോർക്ക്: അമേരിക്കയിൽ വീണ്ടും വെടിവയ്പ്പ്. ഫ്ളോറിഡയിലെ ബോഡ്വാക്ക് ബീച്ചിലായിരുന്നു സംഭവം. ഇരുവിഭാഗങ്ങൾ തമ്മിലുള്ള സംഘർഷമാണ് വെടിവയ്പ്പിൽ കലാശിച്ചത് എന്നാണ് വിവരം. ഇതിന്റെ സി.സി.ടി.വി ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. ആക്രമണത്തിൽ ആളപായമില്ല. അതേസമയം ഒൻപത് പേർക്ക് പരുക്കേറ്റു. ബീച്ചിലെത്തിയ രണ്ട് വിഭാഗങ്ങൾ തമ്മിൽ തർക്കം ഉണ്ടാകുന്നതും, ഇതേ തുടർന്ന് പരസ്പരം വെടിയുതിർക്കുന്നതായും വീഡിയോയിൽ കാണാം. വെടിവയ്പ്പ് ആരംഭിച്ചതോടെ ബീച്ചിലുള്ളവർ ചിതറിയോടി. ബീച്ചിലെത്തിയ പോലിസ് പ്രതികളെ പിടികൂടിയിട്ടുണ്ട്. പരുക്കേറ്റവർക്ക് അടിയന്തിര വൈദ്യസഹായം നൽകുകയും ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. സംഭവത്തിൽ പോലിസ് വിശദമായ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസവും അമേരിക്കയിൽ വെടിവയ്പ്പ് ഉണ്ടായിരുന്നു. ഇതിൽ മലയാളി യുവാവിന് ജീവൻ നഷ്ടമായിരുന്നു.

വയനാട്ടിൽ ഭക്ഷ്യവിഷബാധ; ഒരു കുടുംബത്തിലെ 15 പേർ ചികിത്സ തേടി

കൽപ്പറ്റ: കൽപ്പറ്റയിലെ റസ്റ്റോറന്റിൽ നിന്ന് അൽഫാമും കുഴിമന്തിയും കഴിച്ചതിനെ തുടർന്ന് ഭക്ഷ്യവിഷബാധയേറ്റ് ഒരു കുടുംബത്തിലെ 15 പേർ ആശുപത്രിയിൽ. പനമരം കാര്യാട്ട് കുടുംബത്തിലെ കുട്ടികൾ ഉൾപ്പെടെയുള്ളവരെയാണ് ഭക്ഷ്യവിഷബാധയെ തുടർന്ന് പനമരം സി.എച്ച്.സി.യിലും, സുൽത്താൻബത്തേരിയിലെ സ്വകാര്യ ആശുപത്രിയിലും പ്രവേശിപ്പിച്ചിരിക്കുന്നത്. ഞായറാഴ്ച രാത്രി എട്ടരയോടെ കൽപ്പറ്റയിലെ മുസല്ല റെസ്റ്റോറന്റിൽ നിന്നും ഇവർ കുഴിമന്തിയും അൽഫാമും കഴിച്ചിരുന്നതായി പറയുന്നു. വീട്ടിലെത്തി രാത്രിയോടെ ഛർദ്ദിയും വയറിളക്കവും തലവേദനയും അനുഭവപ്പെടുകയായിരുന്നു. സംഭവത്തെ തുടർന്ന് ഹോട്ടൽ നഗരസഭ അടപ്പിച്ചു. പരിശോധനയിൽ ഹോട്ടലിൽ നിന്ന് വൃത്തിഹീനമായ സാഹചര്യത്തിൽ സൂക്ഷിച്ച ഭക്ഷ്യവസ്തുക്കൾ പിടികൂടി. എല്ലാവരുടേയും ആരോഗ്യനില തൃപ്തികരമാണെന്നാണ് ആശുപത്രി അധികൃതർ അറിയിച്ചത്.

'കേരളത്തിന്റെ ധൂർത്ത് കേന്ദ്രം അനുവദിക്കില്ല': വി. മുരളീധരൻ

ന്യൂഡൽഹി: കേരളത്തിന്റെ വായ്പാ പരിധി കേന്ദ്രസർക്കാർ വെട്ടിക്കുറച്ചതിൽ ന്യായീകരണവുമായി കേന്ദ്ര വിദേശകാര്യ സഹമന്ത്രി വി.മുരളീധരൻ. കേന്ദ്രസർക്കാർ തീരുമാനം വിശദമായ പഠനങ്ങൾക്ക് ശേഷമാണെന്നും സംസ്ഥാന സർക്കാരിന്റെ ധൂർത്ത് കേന്ദ്ര സർക്കാരിന് അനുവദിക്കാനാകില്ലെന്നും കേന്ദ്ര സർക്കാരിന്റെ നിലപാടിനെ വിമർശിക്കുന്നവർ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്തണമെന്നും അദ്ദേഹം പറഞ്ഞു. അതേസമയം ഈ സാമ്പത്തിക വർഷം കേരളത്തിന് എടുക്കാവുന്ന വായ്പയാണ് കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയത്. 32,440 കോടി രൂപ വായ്പ പരിധി നിശ്ചയിച്ച് നൽകിയിരുന്നെങ്കിലും 15,390 കോടി രൂപക്ക് മാത്രമാണ് അനുമതിയുള്ളത്. കഴിഞ്ഞ വർഷം ഇത് 23000 കോടി രൂപയായിരുന്നു. അതായത് കഴിഞ്ഞ വർഷത്തെ കണക്ക് വച്ച് നോക്കിയാൽ വീണ്ടും 8000 കോടി രൂപയുടെ കുറവുണ്ടായി.

മൈസൂരുവിൽ 10 പേർ മരിക്കാനിടയായ വാഹനാപകടത്തിൽ തകർന്ന കാർ

മൈസൂരുവിൽ വാഹനാപകടത്തിൽ 10 മരണം

കർണാടക: മൈസൂരുവിൽ ബസും കാറും കൂട്ടിയിടിച്ച് 10 മരണം. കൊല്ലഗൽ ടി നരസിപുര മെയിൻ റോഡിലാണ് അപകടമുണ്ടായത്. സ്വകാര്യ ബസും ടൊയോട്ട എസ്.യു.വി കാറും കൂട്ടിയിടിക്കുകയായിരുന്നു. എസ്.യു.വി കാർ അപകടത്തിൽ പൂർണമായും തകർന്നു. കാറിനുള്ളിലെ 13 പേരിൽ 10 പേരും മരണപ്പെട്ടു. മൂന്ന് പേർ ആശുപത്രിയിലാണ്. ചാമുണ്ഡി ഹിൽസിൽ പോയി തിരികെ റെയിൽവേ സ്റ്റേഷനിലേക്ക് പോവുകയായിരുന്നു ഇവർ. ഇതിനിടെയാണ് അപകടമുണ്ടായത്. മരിച്ചവരിൽ നാല് പുരുഷൻമാരും മൂന്ന് സ്ത്രീകളും മൂന്ന് കുട്ടികളും ഉൾപ്പെടുന്നു. കുട്ടികളിൽ ഒരു പെൺകുട്ടിയും രണ്ട് ആൺകുട്ടികളുമുണ്ട്. ബെല്ലാരി സംഗനക്കൽ സ്വദേശികളാണ് മരിച്ചത്.

സംസ്ഥാന ജേർണലിസ്റ്റ് വോളിബോൾ ടൂർണമെന്റിൽ രണ്ടാം സ്ഥാനം നേടിയ കാലിക്കറ്റ് പ്രസ് ക്ലബ് ടീമിന് പാരമൗണ്ട് ടവറിൽ നടന്ന പരിപാടിയിൽ സ്വീകരണം നൽകിയപ്പോൾ

വോളിബോൾ ടീമിന് സ്വീകരണം നൽകി

കോഴിക്കോട്: കണ്ണൂരിൽ നടന്ന സംസ്ഥാന ജേർണലിസ്റ്റ് വോളിബോൾ ടൂർണമെന്റിൽ രണ്ടാം സ്ഥാനം നേടിയ കാലിക്കറ്റ് പ്രസ് ക്ലബ് ടീമിന് സ്വീകരണം നൽകി. പാരമൗണ്ട് ടവറിൽ നടന്ന പരിപാടിയിൽ സ്പോൺസർമാരായ ബീക്കൺ സ്പോർട്സിന്റെ ഡയരക്ടർമാരായ വി. കെ. ഷംനാസ്, പി.മുഹമ്മദ് ഹിഷാം എന്നിവർ മുഖ്യാതിഥികളായി. പ്രസ് ക്ലബ് പ്രസിഡന്റ് എം. ഫിറോസ് ഖാൻ അധ്യക്ഷത വഹിച്ചു. സെക്രട്ടറി പി.എസ് രാകേഷ്, ട്രഷറർ പി.വി നജീബ്, ടീം ക്യാപ്റ്റൻ ആദർശ് ലാൽ, സനോജ് കുമാർ ബേപ്പൂർ, റെജി ആർ. നായർ, ഇ. ശശിധരൻ, വി. കെ സുധീർ കുമാർ, ലത്തീഫ് കെ.ടി, ബിജു പരവത്ത്, എൻ.പി ഷക്കീർ, പി.പി ജുനൂബ് സംസാരിച്ചു.

നിയമവിരുദ്ധമായ കട പരിശോധന അവസാനിപ്പിക്കണം: രാജു അപ്സര

കോഴിക്കോട്: സംസ്ഥാനത്തെ വ്യാപാരസ്ഥാപനങ്ങളിൽ ജി.എസ്.ടി ഉദ്യോഗസ്ഥർ നടത്തിവരുന്ന നിയമവിരുദ്ധമായ പരിശോധനകൾ അവസാനിപ്പിക്കണമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര പറഞ്ഞു. ജി.എസ്.ടി നിയമം നിലവിൽ വന്ന സമയത്ത് മുൻ കാലങ്ങളിൽ ഉണ്ടായിരുന്നപോലെ യാതൊരു മുന്നറിയിപ്പും ഇല്ലാതെയുള്ള കട പരിശോധനകൾ ഉണ്ടാകുകയില്ലെന്ന് അന്നത്തെ ധനമന്ത്രി ഡോ. ടി.എം തോമസ് ഐസക് നിയമസഭയിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. ഇതിനു വിരുദ്ധമായാണ് കഴിഞ്ഞ ദിവസങ്ങളിൽ നടന്ന കട പരിശോധന. കേന്ദ്ര സർക്കാർ 8000 കോടി രൂപയുടെ കുറവ് വരുത്തിയതിന്റെ അന്ധാളിപ്പിൽ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന അന്യായമായ ഇത്തരം നടപടികൾക്കെതിരേ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ശക്തമായ സമരമാർഗങ്ങൾ സ്വീകരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സർക്കാർ മാന്യമായ ശമ്പളം നൽകുമ്പോൾ പിന്നെന്തിന് കൈക്കൂലി വാങ്ങുന്നു: മന്ത്രി സജി ചെറിയാൻ

ആലപ്പുഴ:സർക്കാർ ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നതിനെതിരേ രൂക്ഷ വിമർശനവുമായി മന്ത്രി സജി ചെറിയാൻ. സർക്കാർ മാന്യമായ ശമ്പളം നൽകുമ്പോൾ പിന്നെന്തിനാണ് ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങിക്കുന്നതെന്ന് ചേർത്തലയിൽ താലൂക്ക് തല അദാലത്തിൽ പങ്കെടുക്കവേ മന്ത്രി ചോദിച്ചു. കൈക്കൂലി വാങ്ങുന്നവരുടെ തലമുറകൾ പോലും ഗതിപിടിക്കാതെ പോകും. അധ്വാനിച്ചുണ്ടാക്കുന്ന പണമേ ഉപകരിക്കൂ, കൈക്കൂലി വാങ്ങുന്ന പണം കൊണ്ട് ഒരു ഗുണവും ഉണ്ടാകില്ല. മടിയിൽ കനമില്ലാത്തവന് ഒരു വിജിലൻസിനേയും പേടിക്കേണ്ടാ. നേരത്തെ കൈക്കൂലി വാങ്ങിയവർ ഇതുകേട്ട് തിരികെ നൽകേണ്ട. അതിന് പരിഹാരമായി കൂടുതൽ അധ്വാനിച്ച് മറ്റുള്ളവർക്ക് സേവനം ചെയ്താൽ മതിയെന്നും അദ്ദേഹം പറഞ്ഞു. പാലക്കാട് വില്ലേജ് അസിസ്റ്റന്റായിരുന്ന സുരേഷ് കുമാറിന്റെ വീട്ടിൽ നിന്നും ഒരു കോടിരൂപയോളം കൈക്കൂലിപ്പണമായി പിടിച്ചെടുത്ത കാര്യത്തെക്കുറിച്ചും മന്ത്രി പരാമർശിച്ചു.

'ദർശനം ഓൺലൈൻ വായനമുറി' സാഹിത്യപുരസ്കാരം ഏറ്റുവാങ്ങി

മന്ത്രി ഡോ. ആർ.ബിന്ദുവിൽ നിന്ന് കേരള എഴുത്തുക്കാരുടെ സഹകരണ സംഘം സാഹിത്യപുരസ്കാരം ദർശനം ഗ്രന്ഥശാല ഓൺലൈൻ വായനമുറി ഭാരവാഹികൾ ഏറ്റുവാങ്ങുന്നു

തൃശൂർ: കേരള എഴുത്തുക്കാരുടെ സഹകരണ സംഘം സാഹിത്യപുരസ്കാരം ദർശനം ഗ്രന്ഥശാലയുടെ ഓൺലൈൻ വായനമുറി ഏറ്റുവാങ്ങി. സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ.ബിന്ദു പുരസ്കാര സമർപ്പണം നടത്തി. അശോകൻ ചരുവിലിന്റെ കാട്ടൂർകടവ് എന്ന നോവലിനും ലതാലക്ഷ്മിയുടെ ചെമ്പരത്തി എന്ന കഥാസമാഹാരത്തിനും നൂതനാശയ പ്രവർത്തനങ്ങൾക്ക് ദർശനം ഗ്രന്ഥശാലയുടെ ഓൺലൈൻ വായന മുറിക്കും 15001 രൂപയും ആർട്ടിസ്റ്റ് ഗുരുകുലം ബാബു രൂപകൽപന ചെയ്ത ശിൽപവും പ്രശംസാപത്രവും ഉൾപ്പടെ മന്ത്രി ആർ.ബിന്ദു കൈമാറി. നിരൂപകൻ ഡോ. കെ.വി സജയ് ചെയർമാനും കോഴിക്കോട് സാംസ്കാരിക വേദി ചെയർമാൻ ഡോ.എ.കെ അബ്ദുൾ ഹക്കീം, നിരൂപക അംഗങ്ങളുമായ പുരസ്കാര ഡോ.കെ. മഞ്ജു എന്നിവർ നിർണയ സമിതിയാണ് പുരസ്കാര ജേതാക്കളെ നിശ്ചയിച്ചത്. കേരള എഴുത്തുക്കാരുടെ സഹകരണ സംഘം കൊല്ലറയ്ക്കലിന്റെ അധ്യക്ഷതയിൽ തൃശൂർ പ്രസ് ക്ലബ്ഹാളിൽ വച്ച് നടന്ന പുരസ്കാര വിതരണത്തിൽ പ്രമുഖ സിനിമാനിരൂപകൻ ഐ.ഷൺമുഖദാസ് മുഖ്യപ്രഭാഷണം നടത്തി. പത്തനംതിട്ട പുസ്തകശാല പ്രസാധകൻ എ.ഗോകുലേന്ദ്രൻ , കഥാകൃത്ത് മനോജ് വീട്ടിക്കാട്, കേരള എഴുത്തുക്കാരുടെ സഹകരണ സംഘം കൗൺസിൽ ചെയർമാൻ പ്രതാപ് മൊണാലിസ, അക്കാദമിക് കൗൺസിൽ ചെയർമാൻ കെ.ആർ രതീഷ് കുമാർ എന്നിവർ സംസാരിച്ചു. പുരസ്കാര ജേതാക്കളായ അശോകൻ ചരുവിൽ, ലതാലക്ഷ്മി, ദർശനം ഓൺലൈൻ വായനമുറി അഡ്മിൻ ടി.കെ സുനിൽകുമാർ എന്നിവർ മറുപടി പ്രസംഗം നടത്തി.

വേനലിൽ കുടിവെള്ളമെത്തിച്ച് 'കൈത്താങ്ങ് പ്രവർത്തകർ'

ചാലക്കര പുരുഷു

മാഹി: വേനലിൽ നഗരങ്ങളും ഗ്രാമങ്ങളും ഒരുപോലെ കുടിവെള്ളത്തിനായി ബുദ്ധിമുട്ടുമ്പോൾ കൈത്താങ്ങ് പെരിങ്ങാടി നാടിന് ജലസാന്നിധ്യമായി മാറുകയാണ്. കഴിഞ്ഞ എട്ട്പ്പതുകാലമായി 'കൈത്താങ്ങ് പ്രവർത്തകർ' വർഷച്ചയിൽ കുടിവെള്ളമെത്തിക്കാറുണ്ട്. ചൊക്ലി, ന്യൂമാഹി ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമംകൊണ്ട് ബുദ്ധിമുട്ടുന്ന മങ്ങാട്, പള്ളിപ്രം , വേലായുധൻമൊട്ട, പെരിങ്ങാടി, മമ്മിമുക്ക്, ഒളവിലം, കവിയൂർ, മിന്നത്ത് പീടിക, നെടുങ്കുടി മുക്ക് തുടങ്ങിയ പ്രദേശങ്ങളിലെ നൂറുകണക്കിന് കുടുംബങ്ങൾക്കാണ് ഇത്തവണ കൈത്താങ്ങിന്റെ ലോറി വെള്ളം കൈത്താങ്ങായത്. കുഴൽക്കിണറുകളിൽ നിന്നുള്ള വെള്ളമായതിനാൽ ജനങ്ങൾക്ക് വിശ്വസിച്ച് കുടിക്കാനാവും. നിത്യേന 20000 ലിറ്റർ വെള്ളമാണ് വിതരണം ചെയ്യുന്നത്. രാവിലെ അഞ്ച് മണി മുതൽ വൈകീട്ട് ആറ് മണി വരെ കുടിവെള്ള വിതരണം തുടരും.

എട്ട് വർഷം മുമ്പ് മങ്ങാട -വേലായുധൻ മൊട്ടയിലാണ് ആദ്യമായി കുഴൽക്കിണറും ജലസംഭരണിയും സ്ഥാപിച്ച് പരിസരവാസികൾക്ക് കുടിവെള്ളമെത്തിച്ചത്. ഇത് വിജയകരമായിത്തീർന്നതിനെ തുടർന്നാണ് മറ്റിടങ്ങളിലേക്കും പദ്ധതി വ്യാപിപ്പിച്ചത്. പുളിയുള്ള പീടികക്ക് സമീപം കുന്നുമ്മലിൽ കുഴൽക്കിണറും ജലസംഭരണിയുമുണ്ടാക്കി ആർ.റഷീദിന്റെ നേതൃത്വത്തിൽ അദാരി ബഷീർ, ഷമിം അഹമ്മദ്, ലോറി ഡ്രൈവർ പുളിഞ്ഞോളിൽ സുരേഷ് എന്നിവരുൾപ്പെട്ട യുവനിരയാണ് കുടിവെള്ളമെത്തിക്കുന്നത്. ജീവകാരുണ്യമേഖലകളിലും 'കൈത്താങ്ങ്' നാടിന് മാതൃകയാണ്. പെരിങ്ങാടിയിലെ പ്രധാന റോഡുകളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

ന്യൂമാഹി വേലായുധൻ മൊട്ടയിൽ ആരോഗ്യ ഉപകേന്ദ്രത്തിന് വേണ്ടി ആറ് സെന്റ് സ്ഥലം വാങ്ങി ന്യൂമാഹി ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. അമ്പത് പാവപ്പെട്ട കുടുംബങ്ങൾക്ക് പ്രതിമാസ റേഷൻ നൽകി വരുന്നുണ്ട്. പഠനത്തിൽ മികവ് കാട്ടുന്ന നിർധന വിദ്യാർഥികൾക്ക് ധനസഹായം നൽകി വരുന്നുണ്ട്. നിർധന കുടുംബങ്ങളിലെ വിവാഹ പ്രായം കഴിഞ്ഞ് നിൽക്കുന്ന പെൺകുട്ടികൾക്ക് വിവാഹ ധനസഹായം, ഒറ്റത്തവണയായും പ്രതിമാസമായും പാവപ്പെട്ട രോഗികൾക്ക് ചികിത്സാ ധനസഹായവും നൽകി വരുന്നു. വീട് നിർമാണത്തിനും, പുനർ നിർമാണത്തിനും ധനസഹായം, കുഴൽ കിണറുകൾ കുഴിക്കാൻ ധനസഹായം തുടങ്ങി എല്ലാ അർഥത്തിലും ഒരു നാടിന്റെ കൈത്താങ്ങാവുകയാണ് ഈ ജീവകാരുണ്യ പ്രസ്ഥാനം.

അഞ്ചാംവട്ടവും ചെന്നൈ

ഐ.പി.എൽ ഫൈനലിൽ ഗുജറാത്ത് ടൈറ്റൻസിനെ അഞ്ച് വിക്കറ്റിന് തോൽപിച്ച് ചെന്നൈ സൂപ്പർ കിങ്സ്

അഹമ്മദബാദ്: തുടർച്ചയായി രണ്ടു ദിവസങ്ങളിലും രസംകൊല്ലിയായി എത്തിയ മഴക്കും ചെന്നൈയുടെ അടങ്ങാത്ത കിരീട ദാഹത്തെ ശമിപ്പിക്കാനായില്ല. ഗുജറാത്ത് ടൈറ്റൻസിനെതിരേ അവരുടെ ഹോംഗ്രൗണ്ടിൽ അവസാന പന്തിൽ ആവേശജ്വല വിജയം നേടി ഐ.പി.എല്ലിലെ അഞ്ചാം കിരീട നേട്ടം ആഘോഷമാക്കി ചെന്നൈ സൂപ്പർ കിങ്സ്. ഒരു ടന്റി-ടന്റി ഫൈനലിന്റെ എല്ലാ ആവേശവും നിറഞ്ഞു നിന്ന മത്സരത്തിൽ വിജയം ആർക്കൊപ്പമെന്നത് പ്രവചനത്തിന് അതീതമായിരുന്നു. മഴമൂലം ഒരു ദിവസം വൈകി തുടങ്ങിയ ഫൈനൽ മത്സരത്തിൽ ടോസ് ഭാഗ്യം ഇത്തവണയും ചെന്നൈക്കൊപ്പമായിരുന്നു. ബൗളിങ് തിരഞ്ഞെടുത്ത ധോണി പലതും മനസ്സിൽ കണ്ടുകാണണം. ശുഭ്മാൻ ഗില്ലിനേയും വൃദ്ധിമാൻ സാഹയേയും തുടക്കത്തിൽ തന്നെ ക്യാച്ചെടുത്ത് പുറത്താക്കാനുള്ള രണ്ട് സുവർണാവസരങ്ങൾ ദീപക് ചഹാർ നഷ്ടപ്പെടുത്തി. ഇരുവരും ആ അവസരം നല്ലതുപോലെ ഉപയോഗിക്കുകയും ചെയ്തു. ആദ്യ വിക്കറ്റിൽ ഇരുവരും 67 റൺസാണ് ചേർത്തത്. 20 പന്തിൽ 39 റൺസെടുത്ത ഗില്ലിനെ ജഡേജയുടെ ബോളിൽ ധോണി സ്റ്റംപ് ചെയ്ത് പുറത്താക്കുകയായിരുന്നു. തന്റെ ഐ.പി.എൽ കരിയറിലെ 250 മത്സം കളിക്കാനിറങ്ങിയ ധോണി 300ാം സ്റ്റംപിങ് ഇതോടു കൂടി പൂർത്തിയാക്കി.

രണ്ടാമനായി ക്രീസിലെത്തിയ സായ് സുദർശൻ സാഹയുമൊത്ത് വളരെ വേഗത്തിൽ തന്നെ സ്കോർബോർഡുയർത്തി. 39 പന്തിൽ അഞ്ച് ഫോറിന്റേയും ഒരു സിക്സിന്റേയും അകമ്പടിയോടെ 54 റൺസെടുത്ത് സാഹ മടങ്ങുമ്പോൾ ഗുജറാത്ത് സ്കോർ 14 ഓവറിൽ 131ൽ എത്തിയിരുന്നു. തുടർന്നെത്തിയ ക്യാപ്റ്റൻ ഹാർദിക് പാണ്ഡ്യ സായ്സുദർശന് മികച്ച പിന്തുണയാണ് നൽകിയത്.

കൃത്യമായ സമയത്ത് സ്ട്രൈക്ക് കൈമാറാൻ ഹാർദിക്കിനായി. തുടർന്നങ്ങോട്ട് കണ്ടത് ഒരു 21 വയസുകാരന്റെ അഴിഞ്ഞാട്ടമായിരുന്നു. മറുഭാഗത്ത് ഹാർദിക്കിനെ കാഴ്ചക്കാരനാക്കി ആക്രമണത്തിന്റെ ചുക്കാൻ സായ് സുദർശൻ ഏറ്റെടുത്തു. എട്ട് മനോഹര ഫോറുകളും ആറ് പടുകൂറ്റൻ സിക്സും ഉൾപ്പെട്ട് ആ ഇന്നിങ്സ് മതീഷ് പതിരാനയെറിഞ്ഞ അവസാന ഓവറിലാണ് അവസാനിച്ചത്. 47 പന്തിൽ 96 റൺസ് നേടിയാണ് സായ്സുദർശന്റെ മടക്കം. നിശ്ചിത 20 ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ 214 റൺസ് ഗുജറാത്ത് നേടി. ചെന്നൈക്കു വേണ്ടി മതീഷ് പതിരാന രണ്ട് വിക്കറ്റുകൾ നേടി.

മറുപടി ബാറ്റിങ്ങിൽ ചെന്നൈ സ്കോർ മൂന്ന് പന്തിൽ നാല് റൺസിൽ നിൽക്കെ മഴ കളി മുടക്കി. തുടർന്നങ്ങോട്ട് അനിശ്ചിതത്വത്തിന്റെ നിമിഷങ്ങൾ. ഇതിനിടെ പിച്ചിലെ വെള്ളം നീക്കം ചെയ്യുന്ന രീതി സോഷ്യൽ മീഡിയയിൽ വലിയ ട്രോളാവുകയും ചെയ്തു. മഴ ശമിച്ചതിന് ശേഷം ഡക്ക്വർത്ത് ലൂയിസ് നിയമ പ്രകാരം ചെന്നൈയുടെ വിജയ ലക്ഷ്യം 15 ഓവറിൽ 171 റൺസായി പുനർനിർണയിച്ചു. ഋതുരാജും കോൺവേയും സ്ഥിരം ശൈലിയിൽ ബാറ്റുവീശി. ഒരോവറിൽ 12 റൺസിൽ കുറയാതെ റൺ റേറ്റ് വേണമായിരുന്നു ചെന്നൈക്ക് ജയിക്കാൻ. പവർപ്ലേ ഓവറുകൾ ഇരുവരും വളരെ നന്നായി ബാറ്റ് ചെയ്തു ആദ്യവിക്കറ്റിൽ ഇരുവരും 74 റൺസ് ചേർത്തു. മജീഷ്യൻ റാഷിദ്ഖാന് ഇത്തവണ കണക്കുതീർത്തു കിട്ടി. എന്നാൽ ഏഴാം ഓവറിൽ നൂർ അഹമ്മദ് ഗുജറാത്തിന വലിയ ബ്രേക്ക് ത്രൂ നൽകി. ഈ ഓവറിലെ മൂന്നാം പന്തിൽ ഋതുരാജിനേ(26)യും അവസാന പന്തിൽ കോൺവേ(47)യേയും മടക്കി. എന്നാൽ തുടർന്ന് ക്രീസിലെത്തിയ രഹാനെയും ഡുബെയും ജയിക്കാനുറച്ചു തന്നെയായിരുന്നു. രഹാനെ റൺറേറ്റ് താഴാതെ നോക്കിയപ്പോൾ ഡുബെ (32*) ഒരുഭാഗത്ത് നിലയുറപ്പിച്ചു.

ചെന്നൈയുടെ വിജയ ശിൽപിയായ രവീന്ദ്ര ജഡേജയെ എടുത്തുയർത്തുന്ന ക്യാപ്റ്റൻ എം.എസ് ധോണി

13 പന്തിൽ 27 റൺസെടുത്ത രഹാനയെ മോഹിത് ശർമ മടക്കുമ്പോൾ ചെന്നൈ സ്കോർബോർഡ് 10.5 ഓവറിൽ 117 റൺസ് നേടിയിരുന്നു. തന്റെ അവസാന ഐ.പി.എൽ മത്സരം കളിക്കാവുന്ന നിറങ്ങിയ അമ്പാട്ടി റായിഡു ആടിത്തിമിർത്താണ് കളിക്കളം വിട്ടത്. മോഹിത്തെറിഞ്ഞ 13ാം ഓവറിലെ ആദ്യ മൂന്ന് പന്തിൽ രണ്ട് സിക്സും ഒരു ഫോറും ഉൾപ്പെടെ 16 റൺ സാണ് റായിഡു നേടിയത്. നാലാം പന്തിൽ മോഹിത്തിന് റിട്ടേൺ ക്യാച്ച് നൽകി. എട്ട് പന്തിൽ 19 റൺസെടുത്ത് റായിഡു മടങ്ങുമ്പോൾ ചെന്നൈ സ്കോർ 12.4 ഓവറിൽ നാലിന് 149. ജയത്തിന് അകലെ 22 റൺസ് മാത്രം. ഗാലറിയെ ഇളക്കിമറിച്ച് വേൾഡ് ക്രിക്കറ്റിലെ ഏറ്റവും മകച്ച ഫിനിഷർ ക്രീസിലേക്ക്. എന്നാൽ വന്നതുപോലെ തന്നെ മടങ്ങാനായിരുന്നു ക്യാപ്റ്റൻ കൂളിന്റെ വിധി. നേരിട്ട ആദ്യ പന്തിൽ തന്നെ മില്ലറിന് ക്യാച്ച് നൽകി ധോണി പവലിയനിലേക്ക് തിരിച്ചു നടന്നു. ഗാലറി നിശബ്ദമായ നിമിഷം. ഇനി രണ്ടോവറിൽ ജയിക്കാൻ 21 റൺസ്. ഷമിയെറിഞ്ഞ 14ാം ഓവറിൽ ജഡേജയും ഡൂബെയും നേടിയത് എട്ട് റൺസ്. മോഹിത്തിന്റെ അവസാന ഓവറിൽ ജയിക്കാൻ 13 റൺസ്. ഇരു ടീമുകളുടേയും ആരാധകരുടെ നെഞ്ചിടിപ്പേറിയ നിമിഷം. ശിവം ഡൂബെ നേരിട്ട ആദ്യ പന്തിൽ റണ്ണൊന്നും എടുക്കാനായില്ല. രണ്ടാം പന്തിലും മൂന്നാം പന്തിലും നാലാം പന്തിലും ഓരോ റൺ വീതം നേടി. അടുത്ത രണ്ട് പന്തിൽ ഇനി ജയിക്കാൻ വേണ്ടത് 10 റൺസ്.

മോഹിത്തെറിഞ്ഞ അഞ്ചാം പന്ത് സ്ട്രെയിറ്റ് സിക്സിന് പറത്തി ജഡേജ ചെന്നൈ പ്രതീക്ഷകൾ വീണ്ടും വാനോളം ഉയർത്തി. അവസാന പന്തിൽ ജയിക്കാൻ നാല് റൺസ്. ലോ ഫുൾടോസെറിഞ്ഞ മോഹിത്തിന് പിഴച്ചു. ആ പന്ത് ബൗണ്ടറി കടത്തി ചെന്നൈക്ക് അഞ്ചാ കീരീടം സമ്മാനിച്ച് ജഡേജ. ഗാലറി മഞ്ഞ തിരമാലകളായി മാറി. ക്യാപ്റ്റൻ എം.എസ്.ധി ജഡേജയെ ആവേശത്താൽ എടുത്തുപൊക്കി. കിരീട നേട്ടത്തോടു കൂടി മുംബൈക്കൊപ്പം എത്താനും സി.എസ്.കെക്കായി.

ഇരുവരും അഞ്ച് വീതം കപ്പുകളാണ് സ്വന്തമാക്കിയത്. ജഡേജയേയും അമ്പാട്ടി റായിഡുവിനേയും കൂട്ടിയാണ് കിരീടം സ്വീകരിക്കാൻ ധോണിയെത്തിയത് എന്നത് ഏറെ ശ്രദ്ധേയമായി. ഡെവൻ കോൺവേയാണ് കളിയിലെ താരം. മോഹിത് ശർമ ഗുജറാത്തിനായി മൂന്ന് വിക്കറ്റ് വീഴ്ത്തി. 2010, 2011, 2018, 2021 സീസണുകളിലാണ് ചെന്നൈ ഇതിന് മുമ്പ് കിരീടമുയർത്തിയത്. 890 റൺസോടെ ശുഭ്മാൻ ഗിൽ ഓറഞ്ച് ക്യാപ് നിലനിർത്തി. 28 വിക്കറ്റോടെ ഗുജറാത്തിന്റെ തന്നെ മുഹമ്മദ് ഷമിക്കാണ് പർപ്പിൾ ക്യാപ്.

കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാളിന്റെ 99ാം ജന്മവാർഷികാഘോഷവും കലാസാഗർ പുരസ്കാര സമർപ്പണവും നടന്നു

പാലക്കാട്: കഥകളിയുടെ സമസ്ത മേഖലകളിലും തന്റേതായ കൈയ്യൊപ്പു പതിപ്പിച്ച കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാളിന്റെ 99ാം ജന്മവാർഷികം 'ഒരു പിറന്നാളിന്റെ ഓർമ്മ' വാഴേങ്കട കുഞ്ചുനായർ ട്രസ്റ്റിന്റേയും കേന്ദ്ര സാംസ്കാരിക വകുപ്പിന്റേയും സഹകരണത്തോടെ കാറൽമണ്ണ വാഴേങ്കട കുഞ്ചുനായർ ട്രസ്റ്റ് ഹാളിൽ കലാസാഗറിന്റെ നേതൃത്വത്തിൽ നടത്തി. കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാളിന്റെ സ്മരണാർഥം വിവിധ കലാമേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ച കലാകാരന്മാർക്ക് 2023ലെ കലാസാഗർ പുരസ്കാരങ്ങൾ തദവസരത്തിൽ നൽകി. കലാസ്വാദകരിൽ നിന്നുള്ള നാമനിർദ്ദേശപ്രകാരമാണ് പുരസ്കൃതരെ ഇത്തവണയും തെരഞ്ഞെടുത്തിരിക്കുന്നതെന്ന് കലാസാഗർ സെക്രട്ടറി രാജൻ പൊതുവാൾ പറഞ്ഞു.

2023 കലാസാഗർ പുരസ്കാര ജേതാക്കൾ

അനുസ്മരണ യോഗത്തിൽ ഡോ. ടി.എസ് മാധവൻകുട്ടി (പ്രസിഡന്റ്, വാഴേങ്കട കുഞ്ചുനായർ ട്രസ്റ്റ്) അധ്യക്ഷത വഹിച്ചു. ഡോ. എം.വി നാരായണൻ (വൈസ് ചാൻസലർ, കേരള കലാമണ്ഡലം) ഉദ്ഘാടനം ചെയ്തു. തുടർന്ന് കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാളിന്റെ ജന്മശതാബ്ദി ലോഗോ പ്രകാശനം ചെയ്തു. ടി.കെ അച്യുതൻ (വൈസ് പ്രസിഡന്റ്, കലാസാഗർ) ജന്മവാർഷിക ലോഗോ സ്വീകരിച്ചു. വി.കലാധരൻ മുഖ്യ പ്രഭാഷണം നടത്തി. വി.രാമൻകുട്ടി സ്മൃതിഭാഷണം നടത്തി. കെ.ബി രാജ് ആനന്ദ് (ചെയർമാൻ, വാഴേങ്കട കുഞ്ചുനായർ ട്രസ്റ്റ്) കലാസാഗർ പുരസ്കൃതരെ സദസ്സിനു പരിചയപ്പെടുത്തി. തുടർന്ന് കലാസാഗർ പുരസ്കാര സമർപ്പണം നടന്നു. കലാമണ്ഡലം ഉണ്ണികൃഷ്ണൻ സ്വാഗതവും നന്ദിയും പറഞ്ഞു.

ശേഷം കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാൾ രചനയും സംവിധാനവും നിർവഹിച്ച ഭീഷ്മപ്രതിജ്ഞ ആട്ടക്കഥയിൽ കഥകളിയിലെ ദേവഭാവം കോട്ടക്കൽ ദേവദാസ് ശന്തനു മഹാരാജാവായും, വെള്ളിനേഴി ഹരിദാസൻ സത്യവതിയായും കളിയരങ്ങിലെ നിറസാന്നിധ്യം പീശപ്പിള്ളി രാജീവ് ഗംഗാദത്തനായും യുവ കലാകാരന്മാരിൽ ഏറെ ശ്രദ്ധ പിടിച്ചുപറ്റിയ കലാമണ്ഡലം നീരജ് ദാശരാജാവായും അവതരിപ്പിച്ചു. ഭാവഗായകർ അത്തിപ്പറ്റ രവിയും നെടുമ്പുള്ളി രാംമോഹനനും സംഗീതം കൊണ്ടും കോട്ടക്കൽ വിജയരാഘവനും കലാമണ്ഡലം സുധീഷ് പാലൂരും ശ്രവ്യസുന്ദരമായ മേളമൊരുക്കി. കലാമണ്ഡലം ശ്രീജിത്ത് ചുട്ടിയും, അണിയറയിൽ ബാലൻ, രാമകൃഷ്ണൻ, കുട്ടൻ തുടങ്ങിയവർ പങ്കെടുത്ത കഥകളിക്കു ചമയമൊരുക്കിയത് വാഴേങ്കട കുഞ്ചുനായർ ട്രസ്റ്റ് ആണ്.

പുരസ്കാര ജേതാക്കൾ: കഥകളി: വേഷം -കലാമണ്ഡലം കൃഷ്ണകുമാർ, സംഗീതം കലാമണ്ഡലം ജയപ്രകാശ്, ചെണ്ട-കലാമണ്ഡലം രാജൻ (ഗുരുവായൂർ), മദ്ദളം-കലാമണ്ഡലം വേണു, ചുട്ടി കലാനിലയം വിഷ്ണു. ഓട്ടൻതുള്ളൽ: കലാമണ്ഡലം രാധാമണി. ചാക്യാർകൂത്ത് (മിഴാവ്): കലാമണ്ഡലം നാരായണൻ നമ്പ്യാർ. കൂടിയാട്ടം: കലാമണ്ഡലം കൃഷ്ണേന്ദു. മോഹിനിയാട്ടം: മിനി ബാനർജി. ഭരതനാട്യം: ഷഫീക്കുധീൻ, ഷബാന. കുച്ചിപ്പുടി: അനിൽ വെട്ടിക്കാട്ടിരി, പ്രേമലത. തായമ്പക: ഗുരുവായൂർ ശശി. പഞ്ചവാദ്യം: തിമില കൊടുന്തിരപ്പിള്ളി മനോജ്, മദ്ദളം- ഏലൂർ അരുൺദേവ് വാരിയർ, ഇടയ്ക്ക-പെരിങ്ങോട് സുബ്രഹ്മണ്യൻ, ഇലത്താളം -വട്ടേക്കാട് കനകൻ, കൊമ്പ് മച്ചാട് വേണുഗോപാലൻ.

നാദാപുരം പഞ്ചായത്ത് ഓഫിസ് ശുചീകരണ പ്രവൃത്തി പ്രസിഡന്റ് വി.വി മുഹമ്മദലി ഉദ്ഘാടനം ചെയ്യുന്നു

നാദാപുരത്ത് പഞ്ചായത്ത് ഓഫിസ് ശുചീകരിച്ചു

നാദാപുരം: സമ്പൂർണ ശുചിത്വമുള്ള പഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി നാദാപുരത്ത് പഞ്ചായത്ത് ഓഫീസും പരിസരവും ജീവനക്കാരും തൊഴിലുറപ്പ് തൊഴിലാളികളും കുടുംബശ്രീ ഓഫിസ് ജീവനക്കാരും ചേർന്ന് ശുചീകരിച്ചു. ആവശ്യമില്ലാത്ത അജൈവ മാലിന്യങ്ങൾ ഹരിത കർമസേനക്ക് കൈമാറി. പഞ്ചായത്ത് കോമ്പൗണ്ടിലുള്ള മുഴുവൻ പഴയ വസ്തുക്കളും നീക്കം ചെയ്തു. ശുചീകരണ പ്രവർത്തനം പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് സെക്രട്ടറി ടി.ഷാഹുൽ ഹമീദ് , അസിസ്റ്റന്റ് സെക്രട്ടറി ടി.പ്രേമാനന്ദൻ , ജൂനിയർ സൂപ്രണ്ട് ബിന്ദു ജോസഫ് , ഹെൽത്ത് ഇൻസ്പെക്ടർ കെ.സതീഷ് ബാബു , കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ പി.പി റീജ ,സാക്ഷരത പ്രേരക് ഇ.പ്രവീൺകുമാർ , കുടുംബശ്രീ അക്കൗണ്ടന്റ് കെ.സിനിഷ എന്നിവർ ശുചീകരണ പ്രവർത്തങ്ങൾക്ക് നേതൃത്വം നൽകി.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.